
# COSTFORD

## Our Mission

Centre of Science and Technology For Rural Development (Costford), a non-profit making voluntary organisation of Scientists, Technologists, Educationalists, Professionals and Social Workers, shall strive to facilitate for empowering and enabling the poor and weaker sections of the society to improve their living conditions by the application of appropriate and people friendly technologies adopting participatory, democratic, transparent and gender sensitive processes.




വാണിജ്യബേങ്കടക്കമുള്ള ധനകാര്യ സ്ഥാപനങ്ങൾ വരേണ്യവിഭാഗങ്ങളുടെ വായ്പാവശ്യങ്ങളാണ് നിർവ്വഹിക്കുന്നത്. ആസ്തികളില്ലാത്ത വിഭവദാരിദ്ര്യമനുഭവിക്കുന്നവർ ഉല്പാദനപ്രക്രിയയിലും സാമ്പത്തിക പ്രവർത്തനങ്ങളിലും പങ്കാളികളാകുന്നില്ല. സാമൂഹിക ജീവിതത്തിന്റെ പിന്നാമ്പുറങ്ങളിലാണവർ. സാമൂഹ്യക്ഷേമമേഖലകളിൽ നിന്നുള്ള സ്റ്റേറ്റിന്റെ പിന്മാറ്റം മൂലം അവർ കൂടുതൽ കൂടുതൽ പ്രാന്തവൽക്കരിക്കപ്പെടുന്നു. ചഞ്ചലധനമൂലധനത്തിന്റെ ആഗോള വ്യാപനം ഇവർക്ക് ഭീഷണിയാണ്. പൊതുമേഖലയുടെ പൊളിച്ചെഴുത്തും സ്വകാര്യവൽക്കരണവും ദാരിദ്ര്യവൽക്കരണത്തിന്റെ ഗതിവേഗം വർദ്ധിപ്പിക്കുന്നു. കെടുതികൾ ഏറെയും പേറേണ്ടിവരുന്നത് സ്ത്രീകൾ. പുരുഷാധിപത്യ സമൂഹഘടനയിൽ അറിവിന്റേയും വികാസത്തിന്റെയും പുറംലോകം സ്ത്രീകൾക്കന്യമാകുന്നു. സഹനത്തിന്റേയും അവഗണനയുടേയും അകത്തളങ്ങളിലേക്കവർ നിയോഗമെന്നോണം ചുരുങ്ങിപ്പോകുന്നു. ലിംഗവിവേചനവും വരേണ്യവർഗ്ഗാനുകൂല സാമ്പത്തിക പരിഷ്കാരങ്ങളും ദാരിദ്ര്യത്തിന് സ്ത്രീമുഖം നൽകുന്നു. ആകസ്മികാവശ്യങ്ങൾ നിർവ്വഹിക്കാൻ പോലും സ്ത്രീകൾക്ക് കൊള്ളപ്പലിശക്കാരുടെ കാരുണ്യത്തിന് കേഴേണ്ടി വരുന്നു. ഉല്പാദനപ്രവർത്തനങ്ങളിലേർപ്പെടാനും മൈക്രോ സംരംഭങ്ങളാരംഭിക്കാനും ലഘുവായ്പകൾ ലഭിക്കാനാവാതെ ക്രയശേഷിയും സർഗശക്തിയും പാഴാക്കുകയും ഭൂരിപക്ഷം സ്ത്രീകളും. ഈ ദുഃസ്ഥിതി മാറ്റാൻ എളിയ തോതിൽ ശ്രമമാരംഭിക്കുകയാണ്. സ്ത്രീകൾക്കുമാത്രമായി സ്ത്രീശക്തി ബേങ്ക്. അനൗപചാരികം. സർക്കാരിന്റേയും റിസർവ്വ് ബേങ്കിന്റേയും അനുമതിയില്ലാതെ. കൂട്ടായ്മയിലും പാരസ്പര്യത്തിലും വിശ്വാസത്തിലും അധിഷ്ഠിതമായ ജനകീയസംരംഭം.




COST FORD

# സ്ത്രീശക്തി കേന്ദ്രം

അയ്യന്തോൾ, തൃശ്ശൂർ – 680 003
ഫോൺ : 360788, 364203, 365988

## ആർക്കുവേണ്ടി

സ്ത്രീശക്തി സ്വയം സഹായസംഘങ്ങളിൽ അംഗങ്ങളായവർക്കുമാത്രം.

ആകസ്മികാവശ്യങ്ങൾക്ക് 2000 രൂപവരേയും മൈക്രോ സംരംഭങ്ങളാരംഭിക്കാൻ 10,000 രൂപയും വായ്പ നൽകുന്നു.

വായ്പാപേക്ഷ സ്വയം സഹായസംഘം ശുപാർശചെയ്യണം.തിരിച്ചടവിന്റെ ഉത്തരവാദിത്വവും ചുമതലയും സ്വയംസഹായസംഘത്തിന്നു തന്നെയാണ്.

സംഘം മുഖേന മാത്രമേ വായ്പ നൽകൂ.

പലിശനിരക്ക് 12 ശതമാനം.

അപേക്ഷ ലഭിച്ച് ഏഴു ദിവസത്തിനകം തീരുമാനമെടുക്കും.

## വിഭവസമാഹരണം

സ്ത്രീശാക്തീകരണത്തിൽ വിശ്വസിക്കുന്ന സുമനസ്സുകളിൽ നിന്ന് രണ്ടുവർഷക്കാലത്തേക്ക് ബോണ്ടു നൽകി തുക സമാഹരിക്കുന്നു. ചുരുങ്ങിയത് 1000 രൂപ. അല്ലെങ്കിൽ ആയിരത്തിന്റെ ഗുണിതങ്ങൾ. രണ്ടുവർഷത്തിനുശേഷം 1200 രൂപ അഥവാ സമാന തുക തിരിച്ചു നൽകും. ലാഭേച്ഛ കൂടാതെ പ്രവർത്തിക്കുന്നതും സന്നദ്ധസംഘടനാ ചട്ടങ്ങളനുസരിച്ച് രജിസ്റ്റർ ചെയ്തിട്ടുള്ളതുമായ സ്ത്രീശക്തി കേന്ദ്രമാണ് വിഭവ സമാഹരണത്തിന് തിരിച്ചുനൽകലിനും ഉത്തരവാദിത്വം വഹിക്കുന്നത്.

COST FORD

**ജനകീയക്കൂട്ടായ്മയിലും പാരസ്പര്യത്തിലും വിശ്വാസത്തിലും അധിഷ്ഠിതം.**